(ബി) പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതിവികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കും നൽകുന്നുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളിൽ സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്കു മാത്രമാണ് നിലവിൽ ആനുകൂല്യം നൽകി വരുന്നത്. മറ്റ് കോഴ്സുകൾക്കുകൂടി അതേ ആനുകൂല്യം നല്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്ന് കൂടുതൽ കുട്ടികൾ വിദ്യാഭ്യാസത്തിനായി മുന്നോട്ട് വരുന്നുണ്ട്.

(ഡി) ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) മത്സ്യത്തൊഴിലാളി കുട്ടികൾക്കായി കേന്ദ്രസർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

16(*46) ശ്രീ. കെ. അച്ചുതൻ :
ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ.വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനം പണപ്പെരുപ്പവുമായി ബന്ധപ്പെടുത്തി പുനഃക്രമീകരിക്കാൻ കേന്ദ്ര സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് അവരുടെ വേതനത്തിൽ എത്ര ശതമാനം വർദ്ധനയാണ് ഇതുമൂലം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഉപഭോക്തൃ വിലനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് എത്ര ശതമാനം കൂലി വർദ്ധന ലഭ്യമാക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നത് ;

(ഡി) ഇത്തരത്തിൽ വർദ്ധിപ്പിച്ച വേതനം എന്നുമുതൽ തൊഴിലാളികൾക്ക് ലഭ്യമാക്കും എന്നറിയിക്കുമോ ;

(ഇ) ഈ മേഖലയിലെ തൊഴിലാളികൾക്ക് അധികവേതനം നൽകുന്നതിന് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) കേന്ദ്രസർക്കാരിന്റെ 14-1-2011-ലെ എസ്. ഒ. 82(ഇ) വിജ്ഞാപന പ്രകാരം കേരളത്തിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം 150 രൂപയായി ഉയർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) 20% വേതന വർദ്ധനവാണ് പുതിയ വിജ്ഞാപന പ്രകാരം ഉണ്ടായിട്ടുള്ളത്.

(സി) സംസ്ഥാനത്തെ കർഷക തൊഴിലാളികളുടെ പ്രതിദിന മിനിമം വേതനമായ 200 രൂപയായി, തൊഴിലുറപ്പ് പദ്ധതിയിലെ വേതനവും വർദ്ധിപ്പിക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്.

(ഡി) 1-1-2011 മുതൽ തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ടിട്ടുള്ളവരും എന്നാൽ വേതനം ലഭിച്ചിട്ടില്ലാത്തവരുമായ തൊഴിലാളികൾക്ക് 1-1-2011 മുതലും മറ്റ് തൊഴിലാളികൾക്ക് 2-2-2011 മുതലും 150 രൂപ നിരക്കിൽ വേതനം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻപ് വേതനം പറ്റിയവർക്ക് 01-01-2011 മുതൽക്കുള്ള കുടിശ്ശിക നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.

(ഇ) 14-1-2011-ൽ കേന്ദ്രസർക്കാർ പുതുക്കിയ വേതനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും 2011 ഫെബ്രുവരി 1-നു മാത്രമാണ് പുതുക്കിയ നിരക്കിൽ വേതനം വിതരണം ചെയ്യുന്നതിനുള്ള സൗകര്യം കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എം.ഐ.എസ്.-ൽ ലഭ്യമാക്കിയത്. അതിനാൽ പുതുക്കിയ നിരക്കിൽ തൊഴിലാളികൾക്ക് അധിക വേതനം നൽകുന്നത് സംബന്ധിച്ച് 2-2-2011-ൽ സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അധിക വേതനത്തിന് തുക ചെലവഴിച്ചിട്ടില്ല.

ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

17(*47) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഹെൽത്ത് ടൂറിസം രംഗത്ത് കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട ആശുപത്രികളിൽ ഉന്നതനിലവാരത്തിലുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly